

# പുനർനിർമ്മാണത്തിന് നൂതന മാതൃക




എസ്. ഹരികിഷോർ ഐ എ എസ്
എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ


2018 ഓഗസ്റ്റിൽ കേരളത്തെ തകർത്ത പ്രളയത്തിൽ ലക്ഷക്കണക്കിന് കുടുംബങ്ങൾക്കാണ് നാശനഷ്ടം സംഭവിച്ചത്. ആറ് ലക്ഷത്തിലധികം പേർക്ക് പതിനായിരം രൂപ നൽകി അടിയന്തര ധനസഹായം സർക്കാർ ലഭ്യമാക്കിയിരുന്നു. തുടർന്ന് ഏറ്റവും പാവപ്പെട്ടവർക്ക് കൂടുതൽ സഹായം ലഭ്യമാക്കാൻ വേണ്ടി പലിശരഹിത വായ്പയെന്ന നൂതന ആശയം ആവിഷ്ക്കരിച്ചത് കുടുംബശ്രീയിലൂടെയാണ്. 1435 കോടി രൂപയാണ് കഴിഞ്ഞ ഒമ്പത് മാസത്തിനിടെ കുടുംബശ്രീ അയൽക്കൂട്ടത്തിലേക്ക് ബാങ്ക് വായ്പ വഴി ലഭ്യമാക്കിയത് !

ഒരു കുടുംബത്തിന് ഒരു ലക്ഷം രൂപ വരെ പലിശയില്ലാതെ വായ്പ നൽകി, പ്രളയത്തിൽ നഷ്ടപ്പെട്ട വസ്തു

ക്കൾ വാങ്ങാനും ജീവിതോപാധികൾ ലഭ്യമാക്കാനും വേണ്ട ധനസഹായം നൽകുക എന്ന റീസർജന്റ് കേരള ലോൺ സ്കീം (ആർ.കെ.എൽ.എസ്) പദ്ധതിയാണ് ഞങ്ങൾ ഏറ്റെടുത്തത്. കുടുംബശ്രീ അംഗമല്ലാത്തവർക്ക് അയൽക്കൂട്ടത്തിൽ പുതുതായി ചേർന്ന് ഈ വായ്പയ്ക്ക് അർഹത നേടാനും അവസരമുണ്ടായിരുന്നു.

എല്ലാ പ്രധാനബാങ്കുകളുമായും അയൽക്കൂട്ടങ്ങൾക്ക് 9% പലിശയ്ക്ക് വായ്പ ലഭ്യമാക്കുമെന്ന കരാറിൽ കുടുംബശ്രീ ഏർപ്പെട്ടു. ഈ 9% പലിശ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ലഭ്യമാക്കി അയൽക്കൂട്ടാംഗങ്ങൾക്ക് പലിശരഹിത വായ്പ നൽകാനുള്ളതാണ് പദ്ധതി. ഓരോ അയൽക്കൂട്ടാംഗത്തിനും തിരിച്ചടയ്ക്കാൻ കഴിയുന്ന പരിധിയും വായ്പയായി ആവശ്യമായ തുകയും കണക്കാക്കി അപേക്ഷകൾ ബാങ്കിലേക്കെത്തിച്ചു. ഇതുവഴി 25,374 അയൽക്കൂട്ടങ്ങളിലെ 1,73,167 അംഗങ്ങൾക്ക് വായ്പ ലഭിച്ചു. ഇതുവരെ ആകെ ലഭ്യമായ തുക 1435.14 കോടി രൂപയാണ്.

പ്രളയ പുനർനിർമ്മാണത്തിലെ ഈ നൂതന മാതൃക ഒരു പക്ഷേ ഇതാദ്യമായാകും ലോകത്തിൽ നടപ്പാക്കിയിട്ടുണ്ടാകുക. സ്വന്തം ആവശ്യങ്ങളും തിരിച്ചടവു ശേഷിയും കൃത്യമായി മനസ്സിലാക്കി വായ്പയെടുക്കാനുള്ള അയൽക്കൂട്ട അംഗങ്ങളുടെ കഴിവും, 99% ലധികം കൃത്യതയോടെ പണം തിരിച്ചടയ്ക്കുമെന്ന വിശ്വാസ്യതയുമാണ് ഈ ആശയം പ്രാവർത്തികമാക്കാൻ കഴിഞ്ഞതിന് കാരണം. പ്രളയ പുനർനിർമ്മാണത്തിന് വലിയൊരു കൈത്താങ്ങു നൽകാൻ സാധിച്ചുവെന്നും സന്തോഷത്തോടെ പറയട്ടെ....